**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 434** **21-07-2022 - ൽ മറുപടിയ്ക്ക്**

**വയോജന സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൃദ്ധസദനങ്ങളിൽ അന്തേവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായുള്ള സർവ്വേ ഫലങ്ങൾ ലഭിച്ചിട്ടുണ്ടോ; | (എ) | നിലവിൽ വൃദ്ധ സദനങ്ങളിൽ 17105 വയോജനങ്ങൾ താമസക്കാരായിട്ടുണ്ട്. വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണുന്നു. |
| (ബി) | സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ; അവയിലൂടെ നൽകിവരുന്ന സേവനങ്ങൾ അറിയിക്കാമോ; | (ബി) | സർക്കാർ നേരിട്ട്  നടത്തുന്ന 16 വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. എല്ലാ ജില്ലകളിലും ഓരോ സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ രണ്ടു വീതം സർക്കാർ വൃദ്ധ സദനങ്ങൾ ഉണ്ട്. വൃദ്ധസദനങ്ങൾ എവിടെയൊക്കെ യാണെന്നും അവയിലൂടെ നൽകി വരുന്ന സേവനങ്ങളും അനുബന്ധം-Iആയി ചേർക്കുന്നു. |
| (സി) | വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയതലത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | വൃദ്ധ സദനങ്ങളുടെ  നിലവാരം ദേശീയ തലത്തിൽ ഉയർത്തുന്നതിനായി  ആരംഭിച്ച പദ്ധതിയാണ് സെക്കന്റ് ഇന്നിങ്ങ്സ് ഹോം  പദ്ധതി . സർക്കാർ വൃദ്ധ സദനങ്ങളിലെ സേവന നിലവാരം ഉയർത്തുക, വയോ സൗഹൃദ സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ . കണ്ണൂർ, കൊല്ലം, മലപ്പുറം ഓൾഡ് ഏജ് ഹോമുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട് . |
| (ഡി) | സ്വകാര്യ ഏജൻസികൾ വൃദ്ധസദനം നടത്തുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും രജിസ്ട്രേഷൻ നടപടികളും വിശദമാക്കാമോ; | (ഡി) | സ്വകാര്യ ഏജൻസികൾ നടത്തുന്ന വൃദ്ധ സദനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നത് ഓർഫനേജ് കണ്ട്രോൾ ബോർഡ് മുഖേനയാണ്. Kerala State (Orphanages and other Charitable Homes) Board of Control Rules, 1961 അനുസരിച്ചാണ് സ്ഥാപനങ്ങൾക്ക് registration അനുവദിച്ചുവരുന്നത് |
| (ഇ) | സംസ്ഥാനത്തെ വയോജന ജനസംഖ്യയുടെ വിവരം ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി | (ഇ) | സംസ്ഥാനത്തെ വയോജനസംഖ്യ വിവരം ശേഖരിച്ച ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; പ്രസ്തുത ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ വയോജനക്ഷേമത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാമോ? | | സ്വീകരിച്ചിട്ടില്ല. നിലവിൽ 2011-ലെ സെൻസസ് ഡാറ്റാ അടിസ്ഥാനമാക്കിയും വിവിധ പഠന റിപ്പോർട്ടുകളിൽ ഉൾപ്പെട്ടുവരുന്ന ഡാറ്റാ അടിസ്ഥാനമാക്കിയുമാണ് വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നിലവിൽ വയോജനക്ഷേമത്തിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം-II ആയി ചേർക്കുന്നു. വിശദമായ വയോജന സർവ്വേ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| ക്രമ. നം | ജില്ല | വൃദ്ധ സദനം |
|---|---|---|
| 1 | തിരുവനന്തപുരം | കെയർഹോം, പുലയനാർകോട്ട, തിരുവനന്തപുരം |
| 2 | തിരുവനന്തപുരം | വനിതാ വൃദ്ധ സദനം &ഡേ കെയർ സെന്റർ , പൂജപ്പുര , തിരുവനന്തപുരം |
| 3 | കൊല്ലം | വൃദ്ധ സദനം ,ഇഞ്ചവിള,കൊല്ലം |
| 4 | പത്തനംതിട്ട | വൃദ്ധ സദനം , വയത്തല,പത്തനംതിട്ട |
| 5 | കോട്ടയം | വൃദ്ധ സദനം ,തിരുവഞ്ചൂർ ,കോട്ടയം |
| 6 | ഇടുക്കി | വൃദ്ധ വികലാംഗ സദനം ,മുതലക്കുളം ,മഠത്തിക്കണ്ടം ,ഇടുക്കി |
| 7 | ആലപ്പുഴ | വൃദ്ധ വികലാംഗ സദനം,മായിത്തറ , ആലപ്പുഴ |
| 8 | എറണാകുളം | വൃദ്ധ സദനം,തേവര ,കൊച്ചി -13 |
| 9 | എറണാകുളം | വൃദ്ധ സദനം &ഡിമെൻഷ്യ പരിപാലന കേന്ദ്രം ,എടവനക്കാട് ,എറണാകുളം |
| 10 | തൃശ്ശൂർ | വൃദ്ധ സദനം,രാമവർമപുരം ,തൃശ്ശൂർ |
| 11 | മലപ്പുറം | വൃദ്ധ സദനം,തവനൂർ ,തൃക്കണ്ണാപുരം, മലപ്പുറം . |
| 12 | പാലക്കാട് | വൃദ്ധ വികലാംഗ സദനം,കൊട്ടുവായൂർ ,പാലക്കാട് |
| 13 | കോഴിക്കോട് | വൃദ്ധ സദനം,വെള്ളിമാട്ടുകുന്നു ,കോഴിക്കോട് |
| 14 | വയനാട് | വൃദ്ധ വികലാംഗ സദനം,കണിയമ്പറ്റ,വയനാട് |
| 15 | കണ്ണൂർ | വൃദ്ധ സദനം ,അഴിക്കോട് , ഒണ്ടേൻ റോഡ് ,കണ്ണൂർ |
| 16 | കാസർഗോഡ് | വൃദ്ധ സദനം ,പരവനടുക്കം ,കളനാട്,കാസർഗോഡ് |

വൃദ്ധ സദനങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങൾ

വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് വേണ്ട ശ്രദ്ധയും പരിചരണവും നൽകി അവർക്ക് മാന്യവും സുരക്ഷിതവുമായ ജീവിതം സാധ്യമാക്കി വരുന്നു . താമസക്കാർക്ക് നിശ്ചിത മാനദണ്ഡമനുസരിച്ചുള്ള താമസ സൗകര്യങ്ങളും ഭക്ഷണവും ആരോഗ്യ സേവനങ്ങളും ഉറപ്പാക്കി വരുന്നു.

**1)വയോ അമൃതം പദ്ധതി**

സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 16 വൃദ്ധ സദനങ്ങളിൽ വയോ അമൃതം പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ വർഷവും എകദേശം 900-1000 താമസക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്.

വൃദ്ധ സദനങ്ങളിലെ താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം, ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് ആയുർവേദ ശാസ്ത്രവിധി പ്രകാരം, ചികിത്സയും സാന്ത്വന പരിചരണവും നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വയോ അമൃതം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ വൃദ്ധ സദനത്തിലും ഒരു മെഡിക്കൽ ഓഫീസർ, ഒരു അറ്റൻഡർ എന്നിവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച് സേവനങ്ങൾ നൽകുന്നു. ആയുർവേദ വിധിപ്രകാരമുള്ള മരുന്നുകളും ലഭ്യമാക്കുന്നു .

**(2)സെക്കന്റ് ഇന്നിങ്ങ്സ് ഹോം**

വൃദ്ധ സദനങ്ങളുടെ നിലവാരം ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, സേവനത്തിന്റെ ഗുണമേന്മ ഉറപ്പ വരുത്തൽ, താമസക്കാരുടെ അവകാശ സംരക്ഷണം, വയോ സൗഹൃദ സൗകര്യം ഒരുക്കുക എന്നിവ ലക്ഷ്യമാക്കി ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്രൊമോഷൻ ട്രസ്റ്റിന്റെ സഹകരണത്തോടെ കണ്ണൂർ വൃദ്ധ സദനത്തിൽ പദ്ധതി ആരംഭിച്ചു. വിജയകരമായതിനെ തുടർന്നു കൊല്ലം, മലപ്പുറം വൃദ്ധ സദനങ്ങളിൽ കൂടി പദ്ധതി നടപ്പാക്കി വരുന്നു.

(3). **ഡിമെൻഷ്യ കെയർ :-**

വയോജനങ്ങളായ അൽഷിമെഴ്സ് രോഗികളുടെ പരിചരണത്തിനായി ARDSI യുടെ സഹകരണത്തോടെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും, എറണാകുളം ജില്ലയിലെ എടവനക്കാട് സർക്കാർ വൃദ്ധസദനത്തിൽ മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഡിമെൻഷ്യ രോഗികൾക്ക് മെമ്മറി ക്ലിനിക് ,ആരോഗ്യ ബോധവൽക്കരണം തുടങ്ങിയ പരിചരണ പരിപാടികൾ 2015-16 മുതൽ നടപ്പിലാക്കി വരുന്നു .

## അനുബന്ധം-II

നിലവിൽ വയോജനക്ഷേമത്തിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **വയോ അമൃതം പദ്ധതി** :-സർക്കാർ വൃദ്ധ സദനങ്ങളിലെ വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി.

2. **വയോമധുരം പദ്ധതി**

   പ്രമേഹരോഗത്തിന് അടിമകളാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന പദ്ധതിയാണ് വയോമധുരം പദ്ധതി.

3. **വയോമിത്രം പദ്ധതി.**

   നഗരപ്രദേശത്ത് താമസിക്കുന്ന വയോജനങ്ങൾക്കായി ആരോഗ്യ പരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടു കൂടി 2011 - മുതൽ സാമൂഹ്യനീതി വകുപ്പ് കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി.

4. **വയോരക്ഷ പദ്ധതി**:-

സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്ന പൗരൻമാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുന്നതിനും, പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സമൂഹത്തിലെ മുതിർന്ന പൗരൻമാർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും ഉറപ്പാക്കുന്നതിനുമായി 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് വയോരക്ഷ പദ്ധതി.

5. **വയോപോഷണം**

കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും, പോഷകാഹാര ലഭ്യതയ്ക്കുമായി സായം പ്രഭ പകൽ വീടുകളിലൂടെ ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം.

**6. സായംപ്രഭ പകൽ വീട് പദ്ധതി**

പഞ്ചായത്തുകളുമായി സഹകരിച്ച് വയോജനങ്ങൾക്കായി പകൽ പരിപാലന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതിയാണ് സായംപ്രഭ പകൽ വീട് പദ്ധതി

**7. മാതൃകാ സായംപ്രഭാ ഹോം പദ്ധതി**

സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ വയോജനങ്ങൾക്കായുള്ള പകൽവീടുകളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആരംഭിച്ച പദ്ധതിയാണ് മാതൃക സായം പ്രഭ പദ്ധതി .

**8. വയോജന സേവന രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അവാർഡ്**

മികച്ച നേട്ടങ്ങൾ കൈവരിച്ച വയോജനങ്ങളെ ആദരിക്കുന്നതിനും വയോജന രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികളെയും സംഘടനകളെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വയോ സേവന അവാർഡ്' പുരസ്കാരം നൽകിവരുന്നു .

**9. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം-2007 ഫലപ്രദമായി നടപ്പിലാക്കുന്നതിനായുള്ള പദ്ധതി.**

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി വകുപ്പ്. പ്രസ്തുത നിയമ൦ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക, RDO മാരെ സഹായിക്കുന്നതിനായി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരെ നിയമിക്കുക എന്നീ പദ്ധതികൾ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്നു

**10. സ്ഥാപന തല സംരക്ഷണം**

സർക്കാർ നേരിട്ട് നടത്തുന്ന 16 വൃദ്ധ സദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. താമസക്കാർക്ക് നിശ്ചിത മാനദണ്ഡമനുസരിച്ചുള്ള പാർപ്പിടവും ഭക്ഷണവും ആരോഗ്യ സേവനങ്ങളും ഉറപ്പാക്കുന്നതോടൊപ്പം, അവർക്ക് മാനുഷിക പരിഗണന നൽകി മാന്യമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിച്ച് കൊടുക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 199 വൃദ്ധ സദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട് .

**<u>11.എൽഡർലൈൻ പദ്ധതി</u>**: മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനും, സീനിയർ സിറ്റിസൺസ് വെൽഫെയർ ആക്ട് ശരിയായി നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എൽഡർ ലൈൻ.